പണിപൂർത്തിയാകാത്ത മൈനർ ഇറിഗേഷൻ പദ്ധതികൾ

33 (258) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പണി പൂർത്തിയാകാതെ എത്ര മൈനർ ഇറിഗേഷൻ പദ്ധതികൾ ഉണ്ട് ;

(ബി) അവയുടെ പണികൾ നിർത്തിവെച്ചിരിക്കുകയാണോ എന്ന് അറിയിക്കുമോ ;

(സി) അവ ഓരോന്നിന്റെയും പണികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കും ;

(ഡി) പണി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം എന്താണ് ?

ഉത്തരം

(എ) 274 എണ്ണം.

(ബി) തൃശ്ശൂർ ജില്ലയിൽ 4 പണികൾ വിവിധ കാരണങ്ങളാൽ നിറുത്തിവെച്ചിരിക്കുന്നു. മറ്റ് എല്ലാ ജില്ലകളിലും പണികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) പ്രസ്തുത പണികൾ 2002 മാർച്ചിനുമുമ്പ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്.

(ഡി) ഫണ്ടിന്റെ അപര്യാപ്തതയാണ് പ്രധാന കാരണം.

ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും നടപടി

34 (259) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ; എന്തുതുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനുമായി ഏതെല്ലാം പദ്ധതികൾക്കാണ് സർക്കാരിന്റെ ഭരണാനുമതിയും ആവശ്യമായ മറ്റ് അനുമതികളും ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികൾക്ക് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly